Minister for Education, Food and Labour (**Sri. T. K. Narayana Pillai**): Two hundred and ten Ex-servicemen have been advised from the Office of the Public Service Commission for recruitment to Government Service in 1950 and the number of Ex-servicemen absorbed in private employment through the Employment Exchange at Trivandrum and Ernakulam during 1950 is 82.

പ്രാഥമിക വിദ്യാഭ്യാസം

* ൪൫൧. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പ്രാഥമിക വിദ്യാഭ്യാസം തിരുവിതാംകൂർ വിഭാഗത്തു ദേശവൽക്കരിക്കുവാൻ തുടങ്ങിയിട്ട് എത്രകൊല്ലമായിയെന്നു പറയാമോ;

(ബി) കൊച്ചിയിൽ പ്രാഥമിക വിദ്യാഭ്യാസം ദേശവൽക്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എതെല്ലാം താലൂക്കുകളിൽ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) നാലുകൊല്ലം കഴിഞ്ഞു.

(ബി) ഇല്ല.

(സി) മകളിൽ ബി യുടെ ഉത്തരമനുസരിച്ച് ഈ ചോദ്യം ഉദിക്കുന്നില്ല.

പുതിയ വിദ്യാഭ്യാസ പദ്ധതി

* ൪൫൨. (൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിദ്യാഭ്യാസ പദ്ധതി അംഗീകരിച്ചു പ്രവർത്തിക്കാത്ത സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എവിടെയെല്ലാം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ൧. നേമം.
൨. ഈരേഴ.
൩. നെല്ലിമുട്.
൪. മണപ്പുള്ളി.
൫. അരുമാന്തുർ.

പ്രാഥമിക വിദ്യാഭ്യാസം

* ൪൫൩. (൬) ശ്രീ. ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ടവിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

നാളതുവരെ പ്രാഥമിക വിദ്യാഭ്യാസം ദേശവൽക്കരിക്കുന്നതു സംബന്ധിച്ച് ഗവണ്മെണ്ടിനു എന്തു ചിലവു വന്നിട്ടുണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണ പിള്ള):

ഏകദേശം 8 ലക്ഷം രൂപ നാളുവരെ കൂടുതൽ ചിലവു വന്നിട്ടുണ്ട്.

പ്രാഥമിക വിദ്യാഭ്യാസം

*8 വ 8. (വ) ശ്രീ. ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ പ്രാഥമിക വിദ്യാഭ്യാസം ദേശവൽക്കരിക്കുന്നതിനു എന്തു ചിലവു വരുമെന്നാണു് ഗവണ്മെണ്ടിന്റെ പ്രതീക്ഷ.

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

വർഷംതോറും ആവർത്തിച്ചുണ്ടാകാവുന്ന ചെലവിനു പുറമെ ആകെകോടി അമ്പതുലക്ഷം രൂപ ഉടനടി വേണ്ടിവരും എന്നാണു് ഏകദേശമായി കണക്കാക്കിയിട്ടുള്ളതു്.

പ്രാഥമിക വിദ്യാഭ്യാസവും സെക്കണ്ടറി വിദ്യാഭ്യാസവും

* 8 വ 9. (ൻ) ശ്രീ. ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിലെ പ്രാഥമിക വിദ്യാഭ്യാസവും സെക്കണ്ടറി വിദ്യാഭ്യാസവും ദേശവൽക്കരിച്ചു് ഗവണ്മെണ്ടു് ഏറ്റെടുത്തു നടത്തുന്ന കാര്യം ഗവണ്മെണ്ടു് ആലോചിച്ചിട്ടുണ്ടോ? ആലോചിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

പ്രാഥമിക വിദ്യാഭ്യാസത്തെപ്പറ്റി ആലോചിച്ചിട്ടുണ്ടു്; സെക്കണ്ടറി വിദ്യാഭ്യാസത്തെപ്പറ്റി ആലോചിച്ചിട്ടില്ല.

விற்பனைவரி.

*486 [11] ஸ்ரீ. ஸ்ரீ. வி. தாஸ்: கீழ்கண்ட விஷயங்களுக்கு கனம் நிதி மந்திரி விடை பகர்வார்களாக.

(a) புகையிலையின்மேலும் அது சம்பந்தப்பட்ட வேறு பொருள்கள் மீதும் விதிக்கப்பட்டிருக்கிற விற்பனை வரியை ரத்து செய்ய வேண்டுமென்று நாகர்கோவில் நகரவாசிகள் 23-1-51 ம் தியதி பொதுக்கூட்டம் கூடி தீர்மானம் அனுப்பியதுண்டா?

(b) மேற்படி வரியை ரத்துசெய்ய அரசாங்கத்திற்கு நடவடிக்கை எடுக்க உத்தேசமுண்டா?

Minister for Land, Finance and Revenue (**Sri. A. J. John**): *(a)* Yes.

(b) No.

നൽ മൊത്തവ്യാപാരികർ

* 8 വ 0. (ഫ) ശ്രീ. റഃഫൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly